നടപടികൾ കൈക്കൊണ്ടുവരുന്നു. പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾ ഒഴിപ്പിക്കുകയും പഴയ കയ്യേറ്റങ്ങൾ റവന്യൂ പോലീസ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കിക്കൊണ്ട് ഘട്ടംഘട്ടമായി ഒഴിപ്പിച്ചുവരുകയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) കമ്മിറ്റി, വർഷത്തിൽ രണ്ടു പ്രാവശ്യം യോഗം ചേർന്ന് കയ്യേറ്റം സംബന്ധിച്ച അവസ്ഥ വിലയിരുത്തണം. ഇക്കാര്യത്തിൽ ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, വനം കയ്യേറ്റങ്ങൾ യഥാസമയം തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വീഴ്ചവരുത്തുന്ന റവന്യൂ വകുപ്പുദ്യോഗസ്ഥരുൾപ്പെടെ ഫീൽഡ് തലത്തിലുള്ളവരുടെ ഉത്തരവാദിത്വങ്ങൾ നിർണ്ണയിക്കുക എന്നിവയാണ് മോണിറ്ററിങ് കമ്മിറ്റിയുടെ ചുമതലകൾ.

(ഡി) ഉണ്ട്. കേരളത്തിലെ വനങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി താഴെ പറയുന്ന നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ എടുത്തുവരുന്നു:

1. കേരള ഫോറസ്റ്റ് ആക്ട്, 1961
2. കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂൾസ്, 1975
3. കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ട്, 1980
4. കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട്, 1986.

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന–മാർഗ്ഗനിർദ്ദേശങ്ങൾ

*6 [458] *ശ്രീ. ബി. വിജയകുമാർ:*

„ *വർക്കല കഹാർ:*

„ *കെ. സുധാകരൻ:*

„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ ഗൈഡ്ലൈൻ അനുസരിച്ചുതന്നെയാണോ ഈ പദ്ധതി പ്രകാരമുള്ള റോഡുകളും പാലങ്ങളും സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കുന്നത് എപ്രകാരമാണ്;

(സി) ഈ പദ്ധതിപ്രകാരം ആകെ പണിയുടെ എത്ര ശതമാനമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനം കിട്ടേണ്ടത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുവരെ നടന്നിട്ടുള്ള പണികളുടെ എത്ര ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരും ഗ്രാമവികസന കമ്മീഷണറും പുറപ്പെടുവിച്ച ഉത്തരവും സർക്കുലറും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പരിശോധന, ആനുകാലിക റിപ്പോർട്ടിംഗ്, കേന്ദ്ര സർക്കാർ നിയോഗിക്കുന്ന സംസ്ഥാനത്തിനു പുറത്തുനിന്നുള്ള നാഷണൽ ക്വാളിറ്റി മോണിറ്റേഴ്സ് നടത്തുന്ന നേരിട്ടുള്ള പരിശോധന എന്നിവ മുഖേന ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, എം.പി.മാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾക്കും ഈ കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ 50% തുക പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള അടിസ്ഥാനസൗകര്യവികസനത്തിനായി വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവർക്കു ലഭിക്കുന്ന വിഹിതത്തിന്റെ 22.5% പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന കുടുംബങ്ങളുടെ സ്വന്തം ഭൂമിയിൽ അവർക്ക് പ്രയോജനകരമായ ആസ്തികൾ ഉണ്ടാക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്.

(ഡി) ഈ പദ്ധതിപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെട്ട ചെലവിന്റെ ശതമാനം ചുവടെ ചേർക്കുന്നു:

	ആകെ ചെലവിന്റെ
2002-2003	25.26%
2003-2004	27.41%
2004-2005	33.04%
2005-2006 (ജൂൺ 31 വരെ)	28.78%

യുവജനങ്ങളിൽ സ്പോർട്ട്സ് താൽപര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

*7 [459] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സിൽ യുവജനങ്ങൾക്ക് താൽപ്പര്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly